# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 542 : 27/09/2011 -ൽ മറുപടിക്ക്**

**നെറ്റ് വർക്ക് മാർക്കറ്റിംഗിന്റെ മറവിൽ വ്യാപകമായ തട്ടിപ്പ്**

**ചോദ്യം** | **ഉത്തരം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെറ്റ് വർക്ക് മാർക്കറ്റിംഗിന്റെ മറവിൽ സംസ്ഥാനത്ത് വ്യാപക മായ തട്ടിപ്പ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ആ സമിതിയുടെ ഘടനയും പാഠ്യ വിഷയങ്ങളും വെളിപ്പെടുത്തുമോ; | (സി) | ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, (ആഭ്യന്തര വിജിലൻസ് വകുപ്പ്) അഡീഷണൽ ചീഫ് സെക്രട്ടറി, (വ്യവസായ വകുപ്പ്-കൺവീനർ) സെക്രട്ടറി, നിയമ വകുപ്പ്; ഡയറക്ടർ ജനറൽ ഓഫ് പോലീസ് എന്നിവരടങ്ങിയ സമിതിയാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്.<br>ശരിയായ രീതിയിൽ ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ മണിചെയിൻ തട്ടിപ്പു കേസുകൾ |

| | | | |
|---|---|---|---|
| | | | കൈകാര്യം ചെയ്യുന്നതിനും, സത്യസന്ധമായ ഡയറക്ട് മാർക്കറ്റിംഗ് തടസ്സമില്ലാതെ നടത്തുന്നതിനും ഫലപ്രദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് ടി സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

വ്യവസായ വകുപ്പ്- ഡയറക്ട് മാർക്കറ്റിംഗ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന്-സമിതിയെ ചുമതലപ്പെടുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ബി) വകുപ്പ്**

സ. ഉ. (എം.എസ്) നം. **184**/2011/വ്യവ തീയതി, **27/08/2011** തിരുവനന്തപുരം.

---

**ഉത്തരവ്**

മണിചെയിൻ തട്ടിപ്പ് സംബന്ധിച്ച് നടപടികൾ ഉണ്ടാകുമ്പോൾ ഡയറക്ട് മാർക്കറ്റിംഗ് ന്യായമായ രീതിയിൽ നടത്തുന്നവരേയും ദോഷമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ ശരിയായ രീതിയിൽ ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ മണിചെയിൻ തട്ടിപ്പു കേസുകൾ കൈകാര്യം ചെയ്യുന്നതിനും, സത്യസന്ധമായ ഡയറക്ട് മാർക്കറ്റിംഗ് തടസ്സമില്ലാതെ നടത്തുന്നതിനും ഫലപ്രദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്നവർ അടങ്ങിയ ഒരു സമിതിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര -വിജിലൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്- കൺവീനർ

സെക്രട്ടറി, നിയമ വകുപ്പ്

ഡയറക്ടർ ജനറൽ ഓഫ് പോലീസ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി. ബാലകൃഷ്ണൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര -വിജിലൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്

സെക്രട്ടറി, നിയമ വകുപ്പ്

ഡയറക്ടർ ജനറൽ ഓഫ് പോലീസ്.

സ്റ്റോക് ഫയൽ

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ